# സ്ട്രീം



## ആമുഖം

നമ്മുടെ കുട്ടികൾ കമ്പ്യൂട്ടർ യുഗത്തിലേക്ക് മാറി കഴിഞ്ഞിരിക്കുകയാണ് .കുട്ടികളിൽ

കമ്പ്യൂട്ടർപരിജ്ഞാനം വളർത്തിക്കൊണ്ട് വരുന്നതിനുവേണ്ടിയുള്ള ഒരു എളിയ സംരംഭം ആണ് "ലിറ്റിൽ കൈറ്റ്സ് ".ഇതിനുവേണ്ടി ഇരുപതോളം കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് വേണ്ട പരിജ്ഞാനം നൽകി മറ്റു കുട്ടികളെയും ഇവർ മുഖേന ഇതിലേക്കു കൊണ്ടു വരുന്നതിനുവേണ്ടി ഒരു വർഷത്തോളമായി സ്കൂളിൽ നടത്തിക്കൊണ്ടുവന്ന ഒരു പദ്ധതിയാണ്.ഇതിനുവേണ്ട

സഹായ സഹകരണങ്ങൾ ചെയ്തുതന്ന നമ്മുടെ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് ശ്രീമതി.ഉഷാദേവി ടീച്ചറിനും നമ്മുടെ പ്രിയ SITC ആയ-ശ്രീമതി.ശോഭ ടീച്ചറിനും ഞങ്ങളുടെ കൃതഞ്ജത അറിയിച്ചുകൊള്ളുന്നു.കൂടാതെ ഞങ്ങളെ പഠിപ്പിച്ചു കമ്പ്യൂട്ടറിലുള്ള വിവിധ അറിവുകൾ പറഞ്ഞുതന്ന് അനുഗ്രഹിച്ച ബഹുമാന്യരായ ലിറ്റിൽ കൈറ്റ് മാസ്റ്റർ◌ം

ശ്രീ.A.S.പ്രദീപ് കുമാർ സാറിനും കൈറ്റ് മിസ്ട്രസ് ശ്രീമതി.സുമാകുമാരി.P.K. ടീച്ചറിനും ഹൃദയംഗമായ കൃതഞ്ജത അറിയിച്ചുകൊണ്ട് ഞങ്ങളുടെ ഈ എളിയ സംരംഭം സ്കൂളിലെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കു വേണ്ടി സമർപ്പിച്ചുകൊള്ളുന്നു.

ചീഫ് എഡിറ്റർ

എഡിറ്റർ

അമൃത.A.S

ൈഎശ്വര്യ.S.L

| നമ്പർ | ഉള്ളടക്കം | പേജുകൾ |
|---|---|---|
| 1 | ഭുമി കരയുന്നു | 3-5 |
| 2 | പഴഞ്ചൊല്ലുകൾ\ശ | 7-8 |
| 3 | കടങ്കഥകൾ | 13-18 |
| 4 | ചിറക് | 19 |
| 5 | വായ്ക്കരി | 21 |
| 6 | ലാത്തികൾ | 23 |
| 7 | മാവും മിളയും | 25 |
| 8 | നിഴൽ | 27 |
| 9 | തുഞ്ചത്ത് രാമാനുജൻ എഴുത്തച്ചൻ | 29-35 |
| 10 | ശബ്ദമലിനീകരണം-സമുദ്രത്തിൽ | 37-39 |
| 11 | അമ്മ | 42-43 |
| 12 | ദേശാടനപ്പക്ഷികൾ | 44-45 |
| 13 | നഷ്ടസ്മൃതികൾ | 46 |
| 14 | പ്ലാസ്റ്റിക്ക് പലതരം | 48-49 |
| 15 | കടൽ | 50-51 |
| 16 | Scarcity amidst plenty:- Kerala drinking water | 52-56 |
| 17 | മാലിന്യം കുന്നുകൂട്ടരുതേ | 58-59 |
| 18 | ഇ-മാലിന്യങ്ങൾ | 60-61 |
| 19 | | |

| 20 | | |
|---|---|---|

# കവിത

## നഷ്ടസ്മൃതികൾ

വയൽക്കിളകൾ കിന്നാരം മൂളും
വയലേലകൾ
വാലിട്ടൊഴുതിയ കണ്ണന്തളി
കുന്നുകൾ വാകമരങ്ങൾ
താലമൊരുക്കും വഴിത്താരകൾ
വരമഞ്ഞളിൻ കാന്തിയെഴും
ഗ്രാമകന്യകൾ തുമ്പപ്പൂക്കൾ
സ്മിതം തുക്കും
ചെറുവരമ്പുകൾ.തുമ്പിപ്പെണ്ണിൻ
നർത്താനം കാണും പൂവാടികൾ
തൂവമയെഴും
മുഖകാന്തിയുള്ളൊരും
മന്താരങ്ങൾ തൂമഞ്ഞിൽ

പുടവയണിഞ്ഞ പുലാണിമേടുകൾ.കണ്ണാരം പോത്തിക്കളിക്കും മാനത്തുണ്ണികൾ കാറ്റിൽ താളത്തിനൊപ്പം തലയാട്ടും മുളങ്കാടുകൾ കള കളാരവ ഗീതകം പൊഴിക്കും അരുവികൾ കുളിർ ചന്തനം തിരുനെറ്റിയിൽ തൊട്ട ത്യസാസന്ധ്യകൾ നാമം ജപിക്കും മുത്തശ്ശി തൻ ഓർമ ചിത്രവും നാലമ്പല കെട്ടിനുള്ളിലെ ദേവ ചൈതന്യവും നിറയ്ക്കുന്നേൻ വനധാരിൻ പുണ്യ തീർഥം നൂറ് കാദങ്ങൾക്ക് അപ്പുറമാണ് ഞാനെങ്കിലും.

## ***ദേശാടനപ്പക്ഷികൾ***

- സൈബീരിയൻ ക്രെയ്ൻ

- അമുർ ഫാൽക്കൺ
- ഗ്രേറ്റർ ഫ്ളമിംഗോ
- ഡെമോയ്സൺ
- ബ്ലൂത്രോട്ട്
- ബ്ലാക്ക്-വിങ്സ് സ്റ്റിൽറ്റ്
- ബ്ലൂ-ടെയ്ൽസ് ബീ ഈറ്റർ
- ബാർ-ഹെഡസ് ബഗൂസ്
- പസിഫിക്ക് ഗോൾഡൺ പ്ലോവർ
- ഓസ്പ്രേ

# ഭൂമി കരയുന്നു

# മനുഷ◌്യനെ കൊണ്ടു ഭൂമി

കരയുന്നു.
മനുഷ്യനു
വേണ്ടി ഭൂമി
കരയുന്നു.
മനുഷ്യന്റെ
വേർപാടിലും
ഭൂമി കരയുന്നു.
ഒരു മനുഷ്യൻ
ജനിക്കുമ്പോൾ

ഭൂമി
ചിരിക്കുന്നു.
മനുഷ്യൻ,ഈ
ഭൂമിയിൽ
ജീവിക്കുന്ന
വേളയിൽ
അവൻ ഭൂമിയെ
കരയിപ്പിക്കുന്നു
.ആ മനുഷ്യന്റെ

വേർപാടിൽ ഭൂമി കരയുന്നു.നോക്കൂ! ഭൂമി എത്ര പരിശുദ്ധമാണ്. അവൾ എന്തും സഹിക്കുന്നവളാണ്. അവളിൽ ജീവിക്കുന്നവർ

അവളെ
കരയിച്ചപ്പോ
ഴും അവരുടെ
വേർപാടിൽ
അവൾ
കരഞ്ഞു.മനുഷ്യ
നെ
സ്നേഹിക്കുന്ന,
സഹിക്കുന്ന ഈ

ഭൂമിയെ നോവിക്കുമ്പോൾ ഓർക്കണം നീ മർത്യാ, അവളെ നോവിച്ചതിന്റെ ശിക്ഷ നീ അനുഭവിക്കുമെന്ന്.

ഇന്ന് ഭൂമി

മനുഷ്യനു
വേണ്ടി
കരയുന്നു.
നാളെ മനുഷ്യൻ
ഭൂമിക്കു വേണ്ടി
കരയും.

## <u>കടൽ</u>

നീളവും വീതിയും
ഒട്ടേറെയുള്ളൊരു

നീലപ്പും
പട്ടിൻ◌െ◌്റ
ചേലയുണ്ടേ അറ്റം
കണ്ടീടാത്ത
ചുറ്റുവാൽപറ്റാത്ത
നീർത്തിയിട്ടിട്ടുള്ള
ചേലയാണേ
തിരയുടെ
വെള്ളക്കുതിരയി
ലേറി
തീരത്തെത്തും

ചേലയിവൾ
പകലന്തിയോളം
പണിയെടുത്തിട്ടും
ലവലേശം
ക്ഷീണമില്ലവ
ൾക്കൊട്ടും
വർണ്ണങ്ങൾക്കൊ
ണ്ടൊരു
കൊട്ടാരമുണ്ട്
ജീവൻ◌െ◌്റ
തുടികൊട്ടുമുണ്ടന

വിടെ
പനിനീരുചെയ്യുന്ന
തിവൾ കാരണം
ഭൂമി
പുളകിതയാകുന്ന
തിവൾ കാരണം
അലറി അടുക്കുന്ന
നേരത്തിവൾക്കോ
പൂതന തൻ
ശൗര്യമാണെന്നും
അന്തിത്തുടിപ്പേറ്റു

കാന്തി
കുടീടുന്നൊരായിരം
ഞൊറിയുള്ള
ചേലയാണേ
അമ്മയാം ഭൂമിക്ക്
മംഗല്യവേളയ്ക്ക്
കിട്ടിയ
പൂമ്പട്ടുപോലുള്ള
ചേലയാണേ!

## പ്ലാസ്റ്റിക് പലതരം
PET

വീണ്ടും ഉപയോഗിക്കാൻ പറ്റാത്ത പ്ലാസ്റ്റിക്കാണ് പോളി എത്തിലീൻ ടെർഫ്താലേറ്റ് (polyethyleneTerephthalate,PET).വാട്ടർ ബോട്ടിലുകൾ ,പായ്ക്കിങ്,ഷീറ്റുകൾ എന്നിവയൊക്കെ ഇക്കൂട്ടത്തുിൽ പെടും.ഇവയെ റീസൈക്കിൾ ചെയ്തെടുക്കാം

HDPE

ഓയിൽ ബൊട്ടിലുകൾ,പാൽ കുപ്പികൾ തുടങ്ങി കട്ടിയേറിയ പ്ലാസ്റ്റിക് കുപ്പികളൊക്കെ നിർമിക്കാനാണ് HDPE(High-Density Polythylene) പ്ലാസ്റ്റിക്കുകൾ

ഉപയോഗിക്കുന്നത്.Reuse,Recyclin
g എന്നിവയ്ക്ക് പറ്റുന്നതാണിവ.

PVC

പലതരംപെ◌ൊപ്പുകൾ,കളിപ്പാട്ട
ങ്ങൾ,
തുടങ്ങിയവയൊക്കെ
ഉണ്ടാക്കാൻ ഉപയോഗിക്കുന്ന
പ്ലാസ്റ്റിക്കാണ് പോളിവിനൈൽ
ക്ലോറൈഡ് (Polyvinyl
chloride).പിവിസിയുടെ ഒരു
ശതമാനത്തിൽ താഴെ മാത്രമേ
റീസൈക്ലിങ് ചെയ്യുന്നുള്ളൂ.

LDPE

ബ്രഡ് പോലുള്ള ഭക്ഷണ
സാധനങ്ങൾ പായ്ക്ക്
ചെയ്യാനും മറ്റും

ഉപയോഗിക്കുന്നതരം പ്ലാസ്റ്റിക്കാണ് LDPE (Low-density polyethylene).ഇവ വളരെ നേർത്തതും മറ്റ് പ്ലാസ്റ്റിക്കിനെ അപേക്ഷിച്ച് കുറച്ചുമാത്രം അപകടകാരിയുമാണ്. പുനരുപയോഗിക്കാമെങ്കിലും ഇവ റീസൈക്ലിങ്ങിന് ഉപയോഗിക്കാറില്ല.

## ശബ്ദമലിനീകരണം സമുദ്രത്തിൽ

എണ്ണ ഖനനത്തിനും മറ്റും ഉപയോഗിക്കുന്ന

വിവിധ ഉപകരണങ്ങൾ ഉണ്ടാക്കുന്ന തീവ്രതയേറിയ ശബ്ദങ്ങൾ,കപ്പലുകൾ, സോണാർ ഉപകരണം,സൈനിക പരിശീലങ്ങൾ എന്നിവ സമുദ്രത്തിൽ ഉണ്ടാക്കുന്ന ശബ്ദമലിനീകരണം കടൽജീവികൾക്ക് വരുത്തിവയ്ക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല.അവയിൽ

പലതിന്റെയും വംശനാശത്തിനു വരെ ഇത് കാരണമാകാം.കരയിലേക്കാൾ,കടലിൽ ശബ്ദതരംഗങ്ങൾ കൂടുതൽ ദൂരത്തേക്ക് വ്യാപിക്കുന്നതിനാൽ ശബ്ദമലിനീകരമണത്തിന്റെ 'ഇഫക്റ്റും'കൂടും.

1950-നും 1975-നും ഇടയിൽ പസിഫിക്ക് സമുദ്രത്തിൽ നടത്തിയ പഠനത്തിൽ

അനുവദനീയമായതിലും പലമടങ്ങ് അധികം ശബ്ദമലിനീകരണംമാണ് നടക്കുന്നതെന്ന് തെളിഞ്ഞിരുന്നു.ഇന്ന് അത് എത്രയൊ ഇരട്ടിയായിട്ടുണ്ടാകും.

സമുദ്രഗതാഗതം സുഗമമാക്കാൻ വേണ്ടി ഉപയൊഗിക്കുന്ന ഒരു ഉപകരണമാണ് സൊണാർ (Sonar).ശബ്ദത്തിന്റെ പ്രതിധ്വനി

ഉപയൊഗിച്ചാണ് ഇത്
പ്രവർത്തിക്കുന്നത്.കപ്പ
ലുകളും
അന്തർവാഹിനികളും
ഓടിക്കുന്നതിനും
ആശയവിനിമയത്തിനും
സോണാർ
ഉപയോഗിക്കുന്നു.വെള
ളത്തിനടിയിലുള്ള
വസ്തുക്കളെയോ
അന്തർവാഹിനികളയോ
കണ്ടെത്തുനതിനും
അവയുടെ
സഞ്ചാരദിശ,വേഗം

തുടങ്ങിയവ മനസ്സിലാക്കുന്നതിനും ഇത് സഹായിക്കും.

മനുഷ്യന് കാഴ്ച എത്രമാത്രം പ്രധാനമാണോ അത്രതന്നെ പ്രധാനമാണ് നീലത്തിമിംഗലം , ഡോൾഫിനുകൾ തുഗങ്ങിയവയ്ക് ശബ്ദവും.പ്രത്യേക ശബ്ദതരംഗങ്ങളുപയോഗിച്ചാണ് അവ ഇര തേടുന്നതും ശത്രുക്കളിൽ

നിന്ന് രെക്ഷപ്പെടുന്നതും കൂട്ടുകാരെ കണ്ടെത്തുന്നതും.

# ഇ-മാലിന്യങ്ങൾ

ഇലക്ട്രോണിക്ക് ഉപകരണങ്ങൾ പെരുകുന്നതിനൊപ്പം അവ മൂലമുള്ള മലിനീകരണവും നിയന്ത്രണാതീതമായി ക്കൊണ്ടിരിക്കുകയാണ്. പുതിയതരം മൊബൈൽ

ഫോണുകളും മറ്റും ദിനംപ്രതി വിപണിയിൽ വന്നുകൊണ്ടിരിക്കുന്നു അതിനനുസരിച്ച് പഴയത് ചവറ്റുകൂനയിലുമാവുന്നു.ഇപ്പോൾ വർഷം തോറും നാലുകോടി ടൺ ഇലക്ട്രോണിക് മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നാണ് കണക്ക്.അമേരിക്കയും മറ്റും ഇ-മാലിന്യങ്ങളുടെ

നല്ലൊരു ഭാഗം ഏഷ്യൻ രാജ്യങ്ങളിലേക്ക് വിവിധ രൂപത്തിൽ കയറ്റി അയക്കുന്നുണ്ട്.ഇത്തരം മാലിന്യങ്ങളുടെ 70 ശതമാനവും വിഷമയമാണ്! ഇവയിലെ ഈയം അടക്കമുള്ള രാസവസ്തുക്കൾ അപകടകാരികളാണ്.ഇ-മാലിന്യങ്ങളുടെ ഏകദേശം 12.5% മാത്രമെ

റീസൈക്കിൾ ചെയ്യപ്പെടുന്നുള്ളു.പുതിയ മൊബൈൽ ഫോണും മറ്റും വാങ്ങുമ്പോൾ പഴയവ നശിപ്പിക്കാതെ ആവശ്യമുള്ളവർക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും നൽകാം.ഉപയോഗശൂന്യമായവ റീസൈക്ലിങ് ഏജൻസികളെ ഏൽപ്പിക്കാം.